പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 545 11-06-2013 - ൽ മറുപടിക്ക്

## സ്ഥിരം ലോക് അദാലത്തുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ.<br>" ഹൈബി ഈഡൻ<br>" റ്റി.എൻ. പ്രതാപൻ<br>" പാലോട് രവി | ശ്രീ. കെ.എം. മാണി<br>(ബഹു. ധനകാര്യവും, നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | സ്ഥിരമായി ലോക് അദാലത്തുകൾ സംഘടിപ്പിക്കുന്ന സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ ; | 1987 ലെ ലീഗൽ സർവ്വീസസ് അതോറിറ്റി ആക്ടിന്റെ 22 (ബി) വകുപ്പിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പെർമനന്റ് ലോക് അദാലത്തുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയും, അനുബന്ധസ്ഥാപനങ്ങളും നിശ്ചിത ഇടവേളകളിൽ ലോക് അദാലത്തും, മെഗാ ലോക് അദാലത്തുകളും സംഘടിപ്പിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത അദാലത്തുകളിൽ എന്തെല്ലാം തരത്തിലുള്ള കേസ്സുകളാണ് തീർപ്പാക്കുന്നത്; | പെർമനന്റ് ലോക് അദാലത്തുകളിൽ 1987 ലെ ലീഗൽ സർവ്വീസസ് അതോറിറ്റിസ് ആക്ടിലെ 22 (എ) വകുപ്പിന്റെ (ബി) ഖണ്ഡത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പൊതുജനോപകാരപ്രദമായ സേവനങ്ങളുമായി ബന്ധപ്പെട്ട കേസ്സുകൾ |

| | | |
|---|---|---|
| | | കൈകാര്യം ചെയ്യപ്പെടുന്നു. സംസ്ഥാന അതോറിറ്റിയും അനുബന്ധസ്ഥാപനങ്ങളും സംഘടിപ്പിക്കുന്ന അദാലത്തുകളിൽ എല്ലാ സിവിൽ കേസുകളും, ഒത്തുതീരാവുന്നതായി 1973-ലെ ക്രിമിനൽ നടപടിക്രമം 320-ാം വകുപ്പിന്റെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്രിമിനൽ കേസുകൾ, കോടതിയിൽ എത്തിയേക്കാവുന്ന പ്രീ-ലിറ്റിഗേഷൻ കേസുകൾ, തൊഴിൽ തർക്കങ്ങൾ, വൈവാഹിക വ്യവഹാരങ്ങൾ തുടങ്ങിയ കേസുകളും ലോക് അദാലത്തിൽ പരിഗണിക്കുന്നതാണ്. |
| (സി) | ഏതെല്ലാം വകുപ്പുകളാണ് ഇതുമായി സഹകരിക്കുന്നത് ; | പെർമനന്റ് ലോക് അദാലത്തുകളിൽ പൊതുജനോപകാരപ്രദമായ സർവ്വീസുകളുമായി ബന്ധപ്പെട്ട വകുപ്പുകൾക്കും മറ്റു അദാലത്തുകളിൽ എല്ലാ വകുപ്പുകൾക്കും സഹകരിക്കാവുന്നതാണ്. |
| ഡി | സഞ്ചരിക്കുന്ന ലോക് അദാലത്തിന്റെ പ്രവർത്തനം യാത്രാ ക്ലേശമുള്ള സ്ഥലങ്ങളിൽ, പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | നടപടി സ്വീകരിച്ചിട്ടുണ്ട്. നാഷണൽ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ നിർദ്ദേശ പ്രകാരം സഞ്ചരിക്കുന്ന ലോക് അദാലത്ത് തുടങ്ങുകയും അത് നാളിതുവരെ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, ഏറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ അതാത് ജില്ല ലീഗൽ സർവ്വീസസ് അതോറിറ്റികളുടെയും |

| | | |
|---|---|---|
| | | താലൂക്ക് ലീഗൽ സർവ്വീസസ് കമ്മിറ്റികളുടെയും നേതൃത്വത്തിൽ പര്യടനം നടത്തി അദാലത്തുകളും നിയമ ബോധവൽക്കരണ പരിപാടികളും സംഘടിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം കെൽസയുടെ സുസജ്ജമായ ലോക് അദാലത്ത് വാൻ കേരളത്തിലുടനീളം പര്യടനം നടത്തി വരുന്നു. |

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.